File No.KSCSTE/2712/2019-C1

**Kerala State Council for**
**Science, Technology and Environment**
Sasthra Bhavan, Pattom P.O. Thiruvananthapuram - 695 004, Kerala State, India.
Tel: 0471–2548200-09, EVP – 2543557, 2548222,
MS – 2534605, 2548220, CoA – 2543556, 2548248
Fax: 0471-2540085, 2534605 e-mail: mail.kscste@kerala.gov.in, www.kscste.kerala.gov.in

കേ.ശാ.സാ.പ.കൗൺസിൽ – ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വിവിധ പദ്ധതികളുടേയും പരിപാടികളുടേയും പ്രവർത്തനത്തിനുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

Council (M) Order No1/2020/KSCSTE തിരുവനന്തപുരം തീയതി:06/01/2020

പരാമർശം: 20.11.2019 ൽ കൂടിയ 52-) മത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മിനിട്സ് (ഇനം നമ്പർ 52.30)

**ഉത്തരവ്**

കേരള സംസ്ഥാനത്തിന്റെ ശാസ്ത്ര സാങ്കേതിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിൽ ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ നാൽപതോളം പദ്ധതികളും പരിപാടികളും നടപ്പിലാക്കിവരുന്നു. പദ്ധതികളുടെയും പരിപാടികളുടെയും നടത്തിപ്പിന്റെ ഏകോപനത്തിനായും , അപേക്ഷകളുടെ ഓൺലൈൻ സമർപ്പണം പ്രയോഗത്തിൽ വരുത്തുന്നതിനാവശ്യമായ സാങ്കേതിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായും. നിലവിലുള്ള പദ്ധതികളിലും പരിപാടികളിലും സമാന സ്വഭാവമുള്ളവയുടെ മാർഗ്ഗനിർദ്ദേശകരേഖകൾ, വ്യവസ്ഥകളും നിബന്ധനകളും, ധനസഹായ രീതി, തെരെഞ്ഞെടുക്കൽ പ്രക്രിയ മുതലായവ പുനഃപരിശോധിക്കുകയും, ഒരു ഏകീകരിച്ച പൊതു മാനദണ്ഡത്തിലുള്ള പ്രാവർത്തിക രീതി തയ്യാറാകുകയും ചെയ്തു. ഇത്തരത്തിലുള്ള ക്രമവൽക്കരണം ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പദ്ധതികളുടെയും പരിപാടികളുടെയും കാര്യക്ഷമമായ ഭരണ നിർവ്വഹണത്തിനും കൂടുതൽ ഫലപ്രദമായി പ്രവർത്തികമാക്കുന്നതിനും കൂടാതെ എല്ലാ പദ്ധതികളും കൂടുതൽ പ്രത്യക്ഷവും, ഉത്തരവാദിത്വപരവും, സുതാര്യതയുള്ളതുമാക്കും. ഈ ഉദ്ദേശ്യത്തോടുകൂടി കൗൺസിലിന്റെ എല്ലാ പദ്ധതികൾക്കും പരിപാടികൾക്കുമായി തയ്യാറാക്കിയ പൊതുവായ മാർഗ്ഗനിർദ്ദേശം 20.11.2019 ൽ കൂടിയ 52-) മത് എക്സിക്യൂട്ടീവ് കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റി ഇനം നമ്പർ 52.30 പ്രകാരം അംഗീകരിക്കുകയും ചെയ്തു.

ഈ സാഹചര്യത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന കൗൺസിലിന്റെ എല്ലാ പദ്ധതികൾക്കും പരിപാടികൾക്കുമായി തയ്യാറാക്കിയ പൊതുവായ മാർഗ്ഗനിർദ്ദേശം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

S. PRADEEP KUMAR
MEMBER SECRETARY

സ്വീകർത്താവ്

കൗൺസിൽ ആസ്ഥാനത്തെ എല്ലാ ഗ്രൂപ്പ് തലവന്മാർക്കും

പകർപ്പ്

കൗൺസിൽ വെബ് സൈറ്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ